പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ 201

04/10/2016 ൽ
മറുപടിക്ക്

## കയർ വ്യവസായ മേഖല ശക്തിപ്പെടുത്താനുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.എം. ആരിഫ്**<br>**ശ്രീ. കെ. ദാസൻ**<br>**ശ്രീ.കെ.ജെ. മാക്സി**<br>**ശ്രീമതി യു. പ്രതിഭ ഹരി** | | ഡോ. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| എ) | മുൻ സർക്കാരിന്റെ കാലത്ത് തകർച്ച നേരിട്ടതായി ആക്ഷേപമുള്ള കയർ വ്യവസായത്തെ രക്ഷിക്കാനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | എ) | തകർച്ച നേരിട്ട കയർ വ്യവസായത്തെ രക്ഷിക്കുന്നതിന് നിലവിലുള്ള പദ്ധതിയെ കൂടാതെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു രണ്ടാം പുന:സംഘടനയെകുറിച്ച് പ്രതിപാദിച്ചിട്ടുണ്ട് ആയത് താഴെ പറയും പ്രകാരമാണ്.<br>• ആധുനീകരണത്തിനുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കി കയർ മേഖലയിൽ യന്ത്രവൽക്കരണത്തെ പ്രോത്സാഹിപ്പിക്കും. കൂടാതെ ചകിരി ഉത്പാദിപ്പിക്കുന്നതിന് പുതിയ യൂണിറ്റുകൾക്ക് 50% ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകും.ഉല്പാദന മേഖലയിലെ പുതിയ യന്ത്രവൽകൃത ഫാക്ടറികൾക്ക് കയർ ബോർഡ് സബ്സിഡിക്ക് പുറമേ സംസ്ഥാന സർക്കാറിന്റെ അധിക സബ്സിഡിയായി 10% സബ്സിഡി നൽകും. ആലപ്പുഴയിൽ പിവിസി കയർ അവശിഷ്ടങ്ങൾ സംസ്ക്കരിച്ചു ബോർഡുകളാക്കുന്നതിന് സംയുക്ത സംരംഭം ആരംഭിക്കുന്നതാണ്. ഇതേ മാതൃകയിൽ മലിനജലം ശുദ്ധീകരിക്കുന്നതിനും ഒരു പദ്ധതി നടപ്പിലാക്കും.<br>• പുതിയ നയം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കില്ലെന്ന് ഉറപ്പു വരുത്തുന്നതിലേയ്ക്കായി സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ മുഴുവൻ |

| | | | |
|---|---|---|---|
| | | | മിനിമം കൂലി ഉറപ്പു വരുത്തി കയർഫെഡ് സംഭരിയ്ക്കും ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉല്പാദകരുടെ ഉല്പ്പന്നം മുഴുവനും കയർ കോർപ്പറേഷൻ അംഗീകൃത വിലയ്ക്ക് സംഭരിക്കും |
| ബി) | **ഈ മേഖല യിൽ വിലസ്ഥിരത പദ്ധതി നിലവിലു ണ്ടോ ;** | ബി) | ഉണ്ട് |
| സി) | തൊണ്ടിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനും വിപണി വിപുലീകരിക്കുന്നതിനും എന്തൊക്കെ പദ്ധതികൾ നിലവിലുണ്ട്; | സി) | സംസ്ഥാനത്തെ കയർ മേഖല പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കയർ മേഖലയ്ക്കാവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തിന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് തൊണ്ട് **സംഭരണ** വും ചകിരി ഉൽപാദനവും എന്ന ഒരു **പദ്ധതി നിലവിലുണ്ട്** |
| ഡി) | കയർപിരി സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ? | ഡി) | ആധുനീകരണത്തിനുള്ള എല്ലാ നിയന്ത്രണങ്ങളും ഇല്ലാതാക്കി യന്ത്രവത്ക്കരണത്തെ പ്രോത്സാഹിപ്പിക്കും. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പുവരുത്തുന്നവിധം കയർഫെഡ് സംഭരിക്കും. നിർജീവമായ സംഘ ങ്ങളിൽ അമാൽഗമേറ്റ് ചെയ്യാവുന്നത് ക ണ്ടെത്തി സംയോജിപ്പിക്കും, പുനരുജ്ജീവിപ്പിക്കാവുന്നതിനെ പുനരുജ്ജീവിപ്പിക്കും, പ്രവർത്തനക്ഷമമായ സംഘങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചാൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കും. കൂടാതെ പുതുക്കിയ ബഡ്ജറ്റിൽ സംഘങ്ങളുടെ പുന:സംഘടനയ്ക്കും മാനേജീരിയൽ ഗ്രാന്റിനുമായി ശീർഷകം ഉ ൾപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ